പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.920      30.06.2015 ൽ മറുപടിക്ക്

## നിയുക്തി 2015 ജോബ്ഫെയർ

<u>ചോദ്യം</u>

ശ്രീ.ആർ.സെൽവരാജ്,
ശ്രീ.അൻവർ സാദത്ത്
ശ്രീ.വി.റ്റി. ബൽറാം
ശ്രീ. ഹൈബി ഈഡൻ

<u>മറുപടി</u>

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിയുക്തി 2015 എന്ന പേരിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ആയതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കൂടി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് "നിയുക്തി 2015" മെഗാജോബ് ഫെയർ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | ആരെല്ലാമാണ് പ്രസ്തുത ഫെയറുമായി സഹകരിക്കുന്നത് ; | (സി) | "നിയുക്തി 2015" ജോബ്ഫെയറിൽ ജില്ലാ ഭരണകൂടത്തിന്റേയും, തൊഴിൽ വകുപ്പിന്റേയും സ്വകാര്യമേഖലയിലെ തൊഴിൽ ദാതാക്കളുടെ സംഘടനകളുടെയും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്വകാര്യ മേഖലയിലെ തൊഴിൽ ദായകരുടെയും, ഉദ്യോഗദായകരുടെ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണം ലഭിക്കുന്നുണ്ട്. |
| (ഡി) | ഏതെല്ലാം മേഖലയിലുള്ളവരാണ് പ്രസ്തുത ഫെയറിൽ പങ്കെടുക്കുന്നത് ? | (ഡി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പും, വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളും എംപ്ലോയബിലിറ്റി സെന്ററുകളും ചേർന്നാണ് ജോബ് ഫെയർ സംഘടിപ്പിച്ചത്. അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ, സ്വകാര്യമേഖലയിലെ ഉദ്യോഗദായകർ എന്നിവരാണ് മേളയിൽ പങ്കെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ.